
# GizmoGrove

Digital Magazine



NAM HSS PERINGATHUR

# പത്രാധിപ സമിതി

പ്രധാന പത്രാധിപര്:



ഹെഡ്മാസ്റ്റർ
വി കെ അബ്ദുൽ നാസർ

## പത്രാധിപർ:



എ പി റഷീദ്



ഷീജ ചന്ദ്രോത്



പി.കെ നൗഷാദ്



റഫീഖ് കാരക്കണ്ടി

വിദ്യാർത്ഥി പ്രധാന പത്രാധിപർ :

ലിബ ബനാൻ ദാവൂദ്

## വിദ്യാർത്ഥി പത്രാധിപർ :

ലാമിഅ ഫാത്തിമ ഫിർദൗസ്
ആയിഷ കെഎം
ഹയ നൂർ
മുഹമ്മദ് പി
മുഹമ്മദ് പി .ടി
നിഹാൽ

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 4 |
| എൻ എ എം ചരിത്രം | 6 |
| അമ്മയ്ക്ക് പറയുണ്ടുള്ളത് | 7 |
| കാർട്ടൂൺ | 8 |
| ബോൾ ബോയ്(കഥ) | 9 |
| ലഹരി: മാരക വിപത് | 12 |
| കളിക്കാഴ്ചയുടെ വൈവിധ്യം | 13 |
| കഥ (ഇംഗ്ലീഷ്) | 14 |
| കഥ (ഹിന്ദി) | 17 |
| കവിത(ഇംഗ്ലീഷ് ) | 20 |
| സംസ്ഥാനത്തിന്റെ നെറുകയിൽ | 21 |

# ആമുഖം

എൻ.എ.എം.എച്.എസ്.എസ് 2022-25 ലിറ്റ്ൽ കൈറ്റ്സ് ബാച്ച് തയ്യാറാകുന്ന ഡിജിറ്റൽ മാഗസിൻ : ഗിസ്‌മോ ഗ്രോവ് . ലിറ്റ്ൽ കൈറ്റ്സിലൂടെ സമകാലിക നിർമിതി ബുദ്ധി പോലുള്ള അറിവുകളും പ്രവർത്തനങ്ങളും പഠിക്കാനും പ്രവർത്തിക്കാനും , മറ്റുള്ളവരെ സഹായിക്കാനും ലിറ്റ്ൽ കൈറ്റ്സ് പ്രവർത്തിക്കുന്നു . സ്ക്കൂളിലെ ഐ.ടി ഉപകരണങ്ങളുടെ പരിപാലനവും ,ചുറ്റുവട്ടത്തുള്ള വീട്ടമ്മമാർക് കമ്പ്യൂട്ടർ ഉപയോഗിക്കാനും ലിറ്റ്ൽ കൈറ്റ്സ് സഹായിക്കുന്നു . ലിറ്റ്ൽ കൈറ്റ്സിന്റെ പല പ്രവർത്തനങ്ങളിൽ പെട്ട ഒരു പ്രവർത്തനമാണ് ഡിജിറ്റൽ മാഗസിൻ . ഗിസ്‌മോ ഗ്രോവ് ഗാഡ്ജറ്റിൽ നിറഞ്ഞിരിക്കുന്ന ഫീച്ചർസ് പോലെ എൻ.എ .എം.ഇൽ നിറഞ്ഞിരിക്കുന്ന നിധികളെ ഞങ്ങൾ നിങ്ങൾക് സമർപ്പിക്കുന്നു

# സന്ദേശം



ഡോ.എൻ എ മുഹമ്മദ് റഫീഖ്

പ്രിൻസിപ്പാൾ

എൻ എ എം ഹയർസെക്കന്ററി സ്കൂൾ പെരിങ്ങത്തൂർ

നമ്മുടെ വിദ്യാലയത്തിലെ 2022-25 ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന.......എന്ന ഡിജിറ്റൽ മാഗസിന് സർവ്വവിധ ഭാവുകങ്ങളും നേരുന്നു.



ഹെഡ്മാസ്റ്റർ

2022-25 ലിറ്റ്ൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസീനിൻ വിദ്യാർത്ഥികൾ അവരുടെ പഠന മികവിനെ വെളിച്ചത് കൊണ്ട് വരാനുള്ള ഒരുദ്യമമായി ഞാനിതിനെ കാണുന്നു ഇത് മറ്റു വിദ്യാർത്ഥികൾക്കും ഒരു പ്രജോതനമാണ്. ഗിസ്മോ ഗ്രോവിന് ഹൃദയം നിറഞ്ഞ ആശംസകളും നേരുന്നു.

# എൻ എ എം ചരിത്രം

കണ്ണൂർ ജില്ലയിലെ തലശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ ചൊക്ലി ഉപജില്ലയിലെ പെരിങ്ങത്തൂരിലുള്ള ഒരു എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളാണ് എൻ.എ.എം ഹയർ സെക്കണ്ടറി സ്കൂൾ. പാനൂർ മുനിസിപാലിറ്റിയിൽ കനകമലയുടെ താഴ്‌വാരത്ത് പെരിങ്ങത്തൂർ പുഴയുടെ ഓരം ചേർന്ന് പെരിങ്ങത്തൂർ പട്ടണത്തിൽ കടവത്തൂർ റോഡിൽ പെരിങ്ങളം നിയസഭാ മണ്ഡലത്തിലെ ജനകീയനം, വാഗ്മിയും, സർവ്വോപരി നാടിന്റെ വികസന നായകനമായ മുൻ നിയമസഭാ അംഗം ജനാബ്. എൻ.എ മമ്മു ഹാജിയുടെ നാമധേയത്തിൽ അതി മനോഹരമായ മൂന്നുനില കെട്ടിടത്തിൽ എൻ.എ.എം ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തിക്കുന്നു. ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി നാലായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തിൽ നൂറ്റി ഇരുപത് അദ്ധ്യാപകരാണ് സേവനമനുഷ്ഠിക്കുന്നത്. മുസ്ലീം എഡ്യൂക്കേഷനൽ ആന്റ് കൾച്ചറൽ ഫോറം (MECF) 1995-ൽ സ്ഥാപിച്ച ഈ വിദ്യാലയം കണ്ണൂർ ജില്ലയിലെ മൂവായിരത്തി അഞ്ഞൂറിലധികം വിദ്യാർത്ഥികൾ അധ്യയനം നടത്തുന്ന ഒരു പ്രശസ്ത വിദ്യാലയമാണ്. കേരളത്തിലെ മികച്ച വിദ്യാലയത്തിനുള്ള ഹരിത വിദ്യാലയം അവാർഡ്, മാതൃഭൂമി പത്രത്തിന്റെ സീഡ് പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്. അഞ്ച് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 2 കെട്ടിടങ്ങളിലായി 54 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 10 ക്ലാസ് മുറികളുമുണ്ട്. ഗാലറി യോടുകൂടിയ അതിവിശാലമായ ഒരു കളിസ്ഥലം, രണ്ട് ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവ വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിൽ VIII, IX, X ക്ലാസ്സുകൾക്ക് വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. മൂന്ന് ലാബുകളിലുമായി അറുപതോളം കമ്പ്യൂട്ടറുകളുണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ആറായിരത്തോളം പുസ്തകങ്ങളുള്ള വിപുലമായ ലൈബ്രറിയും, എല്ലാ മലയാളം, ഇംഗ്ലീഷ് പത്രങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉള്ള റീഡിംഗ് റൂമും സ്കൂളിനുണ്ട്. എല്ലാ ക്ലാസ് മുറികളും ലാപ്പ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, സൗണ്ട് സിസ്റ്റം, അതിവേഗ ഇന്റർനെറ്റ് എന്നിവയുള്ള സ്മാർട്ട് റൂമുകളാണ്. പത്താം തരം ക്ലാസ് മുറികളിൽ വലിയ എൽ.സി.ഡി ടി.വി.പ്രത്യേകമായി സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ ക്ലാസ്സുകൾക്കും സമീപത്തായി ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കാനായി സ്കൂളിന്റെ പരിസര പ്രദേശത്തേയ്ക്ക് എട്ട് ബസ്സുകൾ സർവ്വീസ് നടത്തുന്നു.



-നിയ വിനോദ്

# അമ്മയ്ക്ക് പറയാനുള്ളത്


യന്ത്രത്തിൻ കരാള ഹസ്തത്താൽ
അമ്മതൻ ഇടനെഞ്ചുപിളർന്ന്
ചോരയൂറ്റിക്കുടിച്ച് ആർത്തിമാറാതെ
തിമിർത്തു നടന്നിടുന്നു. മാനുഷ്യർ...
കീശനിറയ്ക്കാനായ് ചോരയെ കൊല്ലുന്ന
നീചനായ് മാറിയല്ലോ നീ

ഒഴുക്കുന്ന പുഴയുടെ മണലൂറ്റി വിൽക്കുന്ന
യൂദാസായി നീ മാറിയല്ലോ

പച്ചവിരിച്ച വയലേലകൾ ചുവന്നു തടിക്കുന്നു
ഫ്ലാറ്റുകൾ മാണിസൗധങ്ങളായ് വീണ്ടും
പുനർജ്ജനിക്കുന്നവല്ലോ !
അമ്മതൻ ചാരനെ  നക്കിത്തുടച്ചിട്ട്
പേമാരിയായി പ്രളയമായി ഭൂമിയിൽ പെയ്തിറങ്ങുമ്പോൾ
അതിനെ തടുക്കുവാൻ നിനക്കാവുമോ  മർത്ത്യാ ?



മജീദ് മാസ്റ്റർ


ഓപ്പറേഷൻ കഴിഞ്ഞോ ഡോക്ടർ..?
OPERATION THEATRE
ഇല്ല..വയറ്റിന് ഇനി ഒരൽപ്പം സിമന്റും മണലും കോരാനുണ്ട്..
തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ തിയേറ്ററിലെ സീലിംഗ് അടർന്ന് വീണു.

# ബോൾ ബോയ്



അസീസ് പാലയാട്ട്

സ്വപ്ന ഭൂമിയായ സലാലയിൽ
കുന്തിരിക്കം കൃഷി ചെയ്ത് കഷ്ടിച്ച്
ജീവിതത്തിൻ്റെ തേര് തെളിച്ചിരുന്ന
ആളായിരുന്നു ദിൽമാൻ്റെ ബാപ്പ കബീർ.

ആരാണ് ദിൽമാൻ..?

ഒമാനിൽ ജനസംഖ്യ കുറവായിരുന്ന സമയത്ത്
ആഫ്രിക്കയിൽ നിന്നും അടിമകളെ വിലക്കു
വാങ്ങുന്ന സമ്പ്രദായം ഉണ്ടായിരുന്നു.

ഒമാനിൽ സ്ഥിര താമസമാക്കിയ അവരുമായി
വിവാഹ ബന്ധങ്ങളും ഉണ്ടാക്കിയിരുന്നു.

നിഹാസ എന്ന അടിമ സത്രീയെ
വിവാഹം ചെയ്ത കബീറിന് ഒരു അത്ഭുത കുഞ്ഞ്
പിറന്നു.
അവനാണ് ദിൽമാൻ.

എന്താണാ കുഞ്ഞിൻ്റെ പ്രത്യേകതയെന്നോ..?

മനുഷ്യ ശരീരത്തിന്റെ യഥാർത്ഥ നിർമ്മാണ
അവസ്ഥയിൽ നിന്നും കോശങ്ങൾ വിഭജിച്ച്
വ്യതിചലിച്ച് കോശങ്ങളുടെ ഒരു പുതിയ
പ്രോട്ടോപ്ലാസത്തിന്റെ നിർമാണമാണ്
അവനിൽ നടന്നത്.

യാ റബ്ബീ, എന്തൊരു പരീക്ഷണം..?
തൻ്റെ അത്ഭുത കുഞ്ഞിനെ കണ്ട കബീർ ഇരു
കരങ്ങളും മേല്പോട്ട് ഉയർത്തി.

കോശാന്തര പദാർത്ഥങ്ങളുടെ
സംശ്ലേഷണം വഴി പിറന്ന വീണ കുഞ്ഞിൻ്റെ
ശരീര പ്രകൃതവും ആകൃതിയും കണ്ടു
നിന്നവരെയെല്ലാം അതിശയപ്പെടുത്തി.

അതെ, ദിൽമാൻ എന്ന കുഞ്ഞിൽ പ്രോട്ടോ
പ്ലാസ്മിക് എന്ന അത്ഭുത ഗ്രോത്ത്
നടന്നിരിക്കുന്നു!

" കബീർ, നിങ്ങളുടെ മകൻ്റെ ശരീര
വളർച്ചയിൽ പുതിയ പ്രോട്ടോപ്ലാസമാണ്
നിർമിക്കപ്പെട്ടത് "
ഡോക്ടർ വിധി എഴുതി!

എന്ത് ചെയ്യണമെന്നറിയാതെ കബീർ മിഴിച്ചു
നിന്നു.

മകന്റെ രൂപവും ഭാവവും കണ്ട് അയാൾ ഞെട്ടി,
ഭാര്യയുടെ വളരെ അടുത്ത് ചെന്നു അയാൾ
വിളിച്ചു
"നിഹാസാ
നീ കണ്ണു തുറന്നൊന്ന് കുഞ്ഞിനെ നോക്കു "

പക്ഷെ ,നിഹാസ
ആ വിളി കേട്ടില്ല.
കുഞ്ഞിനെ കാണാനുള്ള ഭാഗ്യം
അവൾക്കുണ്ടായില്ല.
കുഞ്ഞിന് ജന്മം നല്കിയ ഉടനെത്തന്നെ അമിത
രക്തസ്രാവത്താൽ അവൾ മൃതിയടഞ്ഞു.

കുനിന്മേൽ കുരു പോലെയുള്ള അവസ്ഥ.

എൻ്റെ നാഥാ എന്തൊരു പരീക്ഷണം..? ഈ
പ്രതിസന്ധി ഘട്ടത്തിൽ എനിക്ക് ആരുണ്ട്
തുണ..?
കബീർ പ്രാർത്ഥനയിൽ മുഴുകി.

ഗർഭപാത്രത്തിൽ നിന്നും പന്തുപോലെ
ഉരുണ്ടുരുണ്ട് പുറത്ത് ചാടിയ എൻ്റെ മകനെ
ഞാൻ എന്താണ് ചെയ്യേണ്ടത്
റബ്ബേ..

നിസ്സഹായ അവസ്ഥയുടെ
കണ്ണീർ കടലിൽ നീന്തിത്തുടിച്ചിരുന്ന
അദ്ദേഹത്തെ കണ്ട പ്രസവ ശുശ്രൂഷകർ
കുഞ്ഞിനെ സംരക്ഷിക്കാമെന്നേറ്റു.

അൽഹംദുലില്ലാഹ്!
ദൈവത്തെ സ്തുതിച്ച
കബീർ അവർക്ക് മുന്നിൽ വിനയാന്വിതനായി.

കുഞ്ഞിനെ ഏറ്റെടുത്തു പരിചരിച്ച ഓരോ

നിമിഷവും അവർക്ക് അത്ഭുതം നിറഞ്ഞതായിരുന്നു. കുഞ്ഞിൻ്റെ കണ്ണിലെ തിളക്കവും ശരീരചലനങ്ങളും കൗതുകം തന്നെ!

കാല ചക്രവും വേഗം കറങ്ങിക്കൊണ്ടിരുന്നു.

ഒട്ടുമിക്ക ദിക്കിലും ഉരുണ്ടുരുണ്ട് നീങ്ങിത്തുടങ്ങിയ ദിൽമാന് വയസ്സ് പന്ത്രണ്ടായി.

കൈകാലുകൾ എങ്ങനെയും ചുരുട്ടാനും നിവർത്താനും അവന് കഴിയുന്നു!

"കബീർ, നിങ്ങളോടൊപ്പം ഞങ്ങൾ ഉണ്ട്"

ആകാശത്ത് നിന്ന് മാലാഖമാർ പറന്ന് വന്ന് അവന്റെ പരിചരണം ഏറ്റെടുത്തതായി സ്വപ്നം കണ്ടു.

ദു:ഖത്താൽ മൂടിക്കെട്ടിയ കാർ മേഘക്കൂട്ടങ്ങൾ സന്തോഷത്തിൻ്റെ വെള്ളി വെളിച്ചത്താൽ ഘനീഭവിക്കാൻ തുടങ്ങി.

അവന്റെ കൈപ്പത്തിയും കാൽപ്പാദവും നീളാൻ തുടങ്ങി. ഇവകളിലെ തള്ളവിരലും ചൂണ്ടുവിരലും നടുവിരലും മോതിരവിരലും ചെറുവിരലും വ്യത്യസ്തമായിത്തന്നെ വളർന്നു!

വൈദ്യശാസ്ത്രത്തിന് അത്ഭുതം കുറും വിധം ജനിച്ച മകൻ്റെ വിരലുകളിലെ മാന്ത്രികത അഭ്രപാളികളിലും ക്യാൻവാസുകളിലും സംഗീതം തീർത്തു.

"താങ്കളുടെ കുട്ടിയെ ഞങ്ങൾക്ക് വിൽക്കാൻ തയ്യാറുണ്ടോ..?"

ദരിദ്ര  കർഷകനായ കബീറിൽ നിന്നും കുഞ്ഞിനെ വിലക്ക് വാങ്ങാനും പ്രദർശന വസ്തുവാക്കാനും പല സർക്കസ് കമ്പനിക്കാരും സമീപിക്കാൻ തുടങ്ങി.

വിരൂപിയായ മകൻ ഒരു ഐശ്വര്യമാണെന്ന് തിരിച്ചറിഞ്ഞ കബീർ സ്വന്തം നാട്ടിലേക്ക് തിരിച്ചു.

പഴകി ദ്രവിച്ച വീട്ടിൽ ബാപ്പയും മകനും സുഖമായിഉറങ്ങി
തെളിഞ്ഞു.

പ്രഭാതത്തിൽ തന്റെ മകനെയും  കൂട്ടി വീട്ടിന് സമീപമുള്ള കടലോരത്തുകൂടി നടക്കാൻ ഒരു സുഖം.

അലയടിച്ചു വരുന്ന തിരമാലകൾ മകനെ ആവേശഭരിതമാക്കി ക്കൊണ്ടിരുന്നു.

സൂര്യാസ്തമനങ്ങളിൽ കടലോരം വീക്ഷിക്കാനെത്തുന്ന അധിക സഞ്ചാരികളെ സാക്ഷിനിർത്തി, ദിൽമാൻ കടൽക്കരയിലൂടെ പന്ത് കണക്കെ ഉരുളാൻ തുടങ്ങി.

തിരമാലകൾക്കിടയിലേക്ക് ചാടിമറിഞ്ഞും ചുഴറ്റി നീന്തിയും അവൻ ചില അഭ്യാസ പ്രകടനങ്ങൾ കാഴ്ചവെച്ചു.

മകന്റെ കുസൃതികൾ ശ്വാസം അടക്കിപ്പിടിച്ച് കാണുവാൻ മാത്രമേ ആ പിതാവിന് കഴിഞ്ഞുള്ളൂ.

കാണികളുടെ ഭാഗത്ത് നിന്ന് അനുകൂല പ്രോത്സാഹനവും കൂടിയായപ്പോൾ എന്നും കടപ്പുറത്ത് വന്ന് ദിൽമാൻ ബാപ്പയെ സാക്ഷി നിർത്തി കലാപരിപാടികൾ അവതരിപ്പിച്ചുകൊണ്ടേയിരുന്നു.

ആകാശത്ത് വട്ടമിട്ട് പറക്കുന്ന പരുന്തുകളെ ഒരു പ്രത്യേക തരം ശബ്ദം പുറപ്പെടുവിച്ച് തന്നിലേക്ക് ആകർഷിപ്പിക്കുന്ന ഒരു വശ്യതയും അവനിലുണ്ടായിരുന്നു.

തന്റെ ഇരു കൈകളും വട്ടത്തിൽ ആഞ്ഞു വീശുമ്പോൾ
പറവകൾ അവന് ചുറ്റും കൂടും.

പക്ഷികളുടെയും മൃഗങ്ങളുടെയും ശബ്ദങ്ങൾ അതേപടി അനുകരിക്കാൻ കഴിയുന്നു എന്നതാണ് ദിൽമാന്റെ മറ്റൊരു പ്രത്യേകത.

വയസ്സ് പതിനെട്ട് പിന്നിട്ടതോടെ ശരീരത്തിന്റെ വളർച്ചാ പ്രവർത്തനങ്ങളായ ഉപചയവും അപചയവും വ്യത്യസ്തമായി.

ശരീര കോശങ്ങളെല്ലാം ജീവിതകാലം മുഴുവൻ വളർന്നില്ല.

ചില റിസർവ്ഡ് കോശങ്ങൾ വളരുന്നതിന്റെ കഴിവ് എന്നന്നേക്കുമായി നിർത്തി വെച്ചു.

ത്വക്കിലെ മാൽപീജിയം പാളികളും പ്രത്യുത്പാദന വ്യവസ്ഥയിലെ ജെർമിനൽ എപ്പിത്തീലിയവും വളർച്ചയ്ക്ക് ശേഷം ഇതര കോശങ്ങളായി പരിണമിച്ച്, ഡി ഡിഫൻസിയേഷൻ എന്ന പ്രക്രിയയിലൂടെ അവന്റെ വളർച്ച മുരടിച്ചു.

നീണ്ട കാലുകകളും കൈകളും
ഇഷ്ടം പോലെ വളക്കാനും ശരീരാവയങ്ങളെ ചുരുട്ടി കൂട്ടി തലയ്ക്ക് ചുറ്റമായി വളച്ച് വെച്ചാൽ ഒരുപന്തു പോലെ രൂപപ്പെടുത്തിയെടുക്കാമെന്നത് ലോകത്ത് ദിൽമാന് മാത്രമുള്ള കഴിവ്.

നിരവധി കഴിവുകൾ കൂടി ദിൽമാനിൽ വന്നതോടെ ലോക ഗിന്നസ് റെക്കോർഡിൽ ശരീര പ്രകൃതത്തിൽ അവൻ ഒന്നാമനായി.

തടിച്ച വീർത്ത ടെലഫോൺ ഡയറക്ടികൾ നെടുകെയും
കുറുകെയും കീറാൻ അവന് സാധിക്കുമായിരുന്നു.

ലോഹ നിർമിതമായ കമ്പികൾ തന്റെ ശരീര രൂപം പോലെ അനായാസം വളച്ചെടുക്കും. ഫാനിന്റെ ലീഫുകൾ കൊണ്ട് വിശറിയുണ്ടാക്കും. ചീനച്ചട്ടിയും ചെമ്പുരുളിയും വളച്ചെടുത്ത് ഇഷ്ടമുള്ള രൂപത്തിലാക്കും. വളരെ വിചിത്രമായ ഹോബികൾ ആശ്ചര്യത്തിൻ്റെ വക
ഭേദങ്ങളായി!

ദുരിതക്കയത്തിൽ നീങ്ങിക്കൊണ്ടിരുന്ന ബാപ്പ ഒരു സർക്കസ് കമ്പനിയുമായി കരാറുണ്ടാക്കി മകനെ സർക്കസ് കമ്പനിയിൽ ചേർത്തു.

ദിൽമാന്റെ അഭ്യാസ പ്രകടനങ്ങൾ കാണികളിൽ ആവേശമുയർത്തിക്കൊണ്ടേയിരുന്നു.

കാഴ്ചക്കാരുടെ എണ്ണം കൂടാനും ആവേശം വർദ്ധിക്കാനും ദിൽമാൻ്റെ രംഗപ്രവേശം ഇട നൽകി. സർക്കസ് ലോക നിലവാരത്തിലേക്കുയർന്നത് പെട്ടെന്നായിരുന്നു. കമ്പനിക്ക് വരുമാനം കുന്നുകൂടി.

"ഇനി മുതൽ ഞാനായിരിക്കും ഈ കമ്പനിയുടെ മേനേജർ "

മകനെ വെച്ച് വിലപേശി, ദിൽമാന്റെ ബാപ്പ കബീർ സർകസ് കമ്പനി മേനേജർ സ്ഥാനം കൈക്കലാക്കി.

ദിൽമാന്റെ ഫ്ലയിംഗ് ട്രിപ്പീസിലും, ബാലൻസിംഗ് ട്രിപ്പീസിലും നീണ്ട കൈയ്യടികൾ സദസ്സിലുണ്ടായി. ക്രാസ് ട്രിപ്പീസും, റോപ്പ് ഡാൻസും കാണാൻ ആളുകൾ കൂടാരത്തിലേക്ക് ഒഴുകി.

പഴയ വീട് പൊളിച്ച് അവിടം മണിമാളിക കബീർ പണിതു. ജീവിതത്തിലെ കറുത്ത അദ്ധ്യായങ്ങൾ വെളുത്ത കിരണങ്ങളായി പ്രകാശം പരത്തി മുന്നേറിക്കൊണ്ടിരുന്നു

അന്നും പതിവുപോലെ ദിൽമാൻ റോപ്പിനു മുകളിൽ പന്തു പോലെ ഉരുണ്ടുകൊണ്ടിരിക്കെ, ബാലൻസ് തെറ്റി താഴെക്ക് പതിച്ചു.

പന്തു പോലെ ഉരുട്ടിവെച്ച കൈകാലുകൾ നിവർത്താൻ സഹ അഭ്യാസികൾക്കോ കൂടെയുള്ള മറ്റുള്ളവർക്കോ സാധിച്ചില്ല.

ഗോളാകൃതി പൂണ്ട ശരീരപ്രകൃതം ഉരുട്ടിയെടുത്ത് കാറിൽ കയറ്റി ഡോക്ടറുടെ അടുത്തെത്തിച്ചെങ്കിലും കാര്യങ്ങൾ കൈവിട്ടു പോയിരുന്നു.

രക്തം കട്ടപിടിക്കുന്ന പ്രക്രിയകളായ ബ്ലഡ് ക്ലോട്ടിംഗ്, ബ്ലഡ് കോയാഗുലേഷൻ, ത്രോ ബോജനസിസ് എന്നീ പ്രക്രിയകൾ ദിൽമാനിൽ ഒന്നിച്ച് പ്രവർത്തിച്ച് രക്തക്കുഴലുകളെയെല്ലാം അമർത്തിയൊതുക്കി.

വൈദ്യശാസ്ത്രത്തെ അത്ഭുതപ്പെടുത്തി ജനിച്ച്, ജീവിതം ഒരു പന്തുപോലെ ഉരുട്ടിക്കളിച്ച ആ അത്ഭുത ബാലൻ ,ആധുനിക വൈദ്യശാസ്ത്രത്തിന് ഒന്നും ചെയ്യാനാകാതെ, കണ്ടു നിന്നവരെ കണ്ണീരിലാഴ്ത്തി കാലയവനികയ്ക്കുള്ളിലൂടെ  എങ്ങോ മറഞ്ഞു പോയി.

മകന്റെ വിയോഗത്തിന്റെ അമിത ദുഃഖ ഭാരത്താൽ അധികം താമസിയാതെ ഹൃദയം പൊട്ടി കബീറും യാത്രയായി.



# ലഹരി: മാരക വിപത്

എല്ലാം ഹരിക്കുന്നതാണ് ലഹരി, ഇല്ലാതാക്കുന്നതാണ് ലഹരി, ജീവിതം ഇല്ലാ ല്ലാതാക്കുന്നത്. കുടുംബ കുടുംബത്തെ ഇല്ലാതാ ക്കുന്നത്, സമൂഹത്തെ ന ഇല്ലാതാക്കുന്നത്, രാജ്യത്തെ ഇല്ലാ താക്കുന്ന ന്നത്, ലോകത്തെ ഇല്ലാതാക്കുന്നത്, മരണത്തെ മാടി വിളിക്കുന്നത്

ജീവിതം സുരഭില- മാക്കാൻ അനാവശ്യമായതിനെ ഹരി ലഹരിയാണ് ജീവിതലഹരി. ജീവിതം ആഘോ ഷമാക്കാൻ എന്ന തോന്നലിൽ അനാവശ്യമായതിനെ ആവശ്യമെന്ന് തെറ്റിദ്ധരിച്ച് വിനിയോഗിക്കുന്നത് അപകടകരമായ ലഹരിയാണ്. പ്രളയവും കൊറോണ മഹാമാരിയും മനുഷ്യ മനസ്സിൽ സൃഷ്ടിച്ച ഭീതിയെക്കാൾ മാരകവും ദൂരവ്യാപകവുമായ ഒരു വിപത്താണ് ലഹരി സൃഷ്ടിച്ചുകൊണ്ടിരിക്കു ന്നത്. ലഹരിയുടെ വില്പനയും വിതരണവും ഉപയോഗവും ഒരുകാലത്ത് നഗരപ്രദേശങ്ങളിൽ മാത്രം ഒതുങ്ങിയിരു ന്നുവെങ്കിൽ ഇന്ന് ഗ്രാമപ്രദേശങ്ങൾ ഇക്കാര്യത്തിൽ നഗര ങ്ങളോട് മത്സരിക്കുകയാണ് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം എന്നിവയെ ഒന്നടങ്കം ഇല്ലാതാക്കാൻ ശക്തിയുള്ള ഈ സാമൂഹ്യ വിപത്തിനെതിരെ സമൂഹം ഒറ്റക്കെട്ടായി ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.



ലഹരിക്കടിമപ്പെടുന്നവരിൽ 70% ത്തോളം പേർ 15 വയസ്സ് ആകുമ്പോഴേക്കും ലഹരി ഉപയോഗിക്കാൻ തുടങ്ങുന്നു എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആൺകുട്ടികളെപ്പോലെ തന്നെ ലഹരി മാഫിയ സംഘങ്ങൾ പെൺകുട്ടി കളെയും ഇതിന്റെ വാഹകരാക്കി മാറ്റുന്ന കാഴ്ചയും ഇന്ന്

ഖാലിദ് പിലാവുള്ളതിൽ

കണ്ടുകൊണ്ടിരിക്കുന്നു.

മാരകമായ ലഹരിയുടെ പിടിയിൽ നിന്നും നമ്മുടെ രാജ്യത്തെ രക്ഷിക്കാൻ സമൂഹത്തിൻ്റെ ഒറ്റ ക്കെട്ടായുള്ള പ്രവർത്തനമാണ് ആവശ്യം. രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, അധ്യാപകർ, പോലിസ്, എക്സൈസ് വിഭാഗം, പൊതു രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക സംഘടനകൾ പൊതു സമൂഹം, സർക്കാർ തുടങ്ങിയവയുടെ യോജിച്ചുള്ള പ്രവർത്തനമാണ് ലഹരിയുടെ പിടിയിൽ നിന്നും രാജ്യത്തെയും, ജനങ്ങളെയും രക്ഷിക്കാനുള്ള ഒരു പരിഹാരമാർഗ്ഗം.

പത്രങ്ങളിലും മറ്റ് വാർത്ത
മാധ്യമങ്ങളിലും വന്നുകൊ വ
ടെസ്റ്റ് നടത്തുക വഴി എളു നീർ,
വിയർപ്പ്, യൂറിൻ എന്നി ണ്ടിരിക്കുന്ന
ലഹരിയുമായി ബന്ധപ്പെട്ടുള്ള വാർത്തകളെ
മുപ്പത്തിൽ ലഹരി ഉപയോഗം കുറിച്ചും മറ്റു
കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടുവന്നുകൊ
ദ്യാർത്ഥിക റികൾ ഉൾപ്പെടെയുള്ളവ
ശോധനാ രീതിയിലൂടെയും വി ണ്ടിരിക്കുന്ന
വാർത്തകൾ ചർച്ച ചെയ്യാനും സാരോപദേശ
നൽകാനും രക്ഷിതാക്കൾ സമയം
കാണേണ്ടതുണ്ട്. വിദേശ ങ്ങളിലോ നാട്ടിൽ
വിദൂര ദിക്കുകളിലോ ജോലി ചെയ്യുന്ന
രക്ഷിതാക്കൾ സോഷ്യൽ മീഡിയ
വഴിയെങ്കിലും മക്കളുമാ യി ബന്ധപ്പെടാൻ
മറക്കരുത്.

വിദ്യാർത്ഥികൾ ഉൾപെടെ ഉള്ളവരിലെ ലഹരി ഉപയോഗം എളുപ്പത്തിൽ മനസ്സിലാക്കാൻ ഇന്ന് സംവിധാനം ഉണ്ട്.

വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും കരിയർ രംഗത്ത് ഉൾപെടെ അപേക്ഷ സമർപ്പണത്തിനും നോ ഡ്രഗ് സർട്ടിഫിക്കറ്റ് കൂടി നിർബന്ധമാക്കിയാൽ ലഹരിയിൽ ...
ബാക്കി ...ബാക്കി ......

ബാക്കി ... (page-13)

# കളിക്കാഴ്ച്ചയുടെ വൈവിധ്യം



പി.കെ നൗഷാദ്

ഖദികളിലെ ഏറ്റവും വലിയ ആഘോഷങ്ങളിലൊ ന്ന് ഫാൻ ഫെസ്റ്റാണ്. മറ്റ് ലോകകപ്പുകളെ അപേക്ഷി ച്ച് ഖത്തറിൽ വേദികൾ തമ്മി ലുള്ള അകലം കുറവായതു കൊണ്ട് ഒരു ഗ്രൗണ്ടിന് ഒന്ന് എന്ന കണക്കിന് ഫാൻ ഫെ സ്റ്റ് സെന്ററുകളില്ല. എങ്കിലും ഉള്ളതിൽ ഏറ്റവും വലുത് അൽ ബിദ്ദ പാർക്കിലെ ഒഫീ ഷ്യൽ ഫാൻ ഫെസ്റ്റ് സെന്ററാ ണ്. നേരത്തെ ദക്ഷിണാഫ്രി ക്കയിലും ബ്രസിലിലുമൊക്കെ ഇതിനകത്ത് കയറാൻ എൻ ട്രി ടിക്കറ്റ് നിർബന്ധമായിരു ന്നുവെങ്കിൽ റഷ്യയിൽ ഇത് മാച്ച് ടിക്കറ്റ് ഇല്ലാത്തവരുടെ യും ലോകകപ്പ് ആസ്വദിക്കാച്ച് നെത്തിയ ലക്ഷക്കണക്കിന് ആരാധകരുടെയും ഉത്സവവേ ദികളായിരുന്നു. റഷ്യയുടെ ചു വടുപിടിച്ച് ഖത്തർ ഒരുക്കിയ ഫാൻ ഫെസ്റ്റുകളിൽ ഹയ്യാ കാർഡുള്ളവർക്കെല്ലാം സൗ ജന്യ പ്രവേശനം നൽകുന്നു ണ്ട്. അൽ ബിദ്ദ പാർക്കിൽ ദിവ സം അരലക്ഷത്തിലധികം കാ ണികളാണ് ഒഴുകിയെത്തുന്ന ത്. ഇതിനകത്തുള്ള സംഗീത മേളത്തിന് ലോകത്തിലെ

എണ്ണം പറഞ്ഞ സംഗീത നിര തന്നെയാണ് എത്തിച്ചേരുന്ന ത്. സംഗീത പരിപാടിക്ക് പുറ മെവിവിധ തരം മത്സര പരിപാ ടികളും ലോകകപ്പ് സ്പോൺ സർമാരായ വിവിധ കമ്പനിക ളുടെ നേതൃത്വത്തിൽ നടക്കു ന്നുണ്ട്. കുട്ടികളും മുതിർന്ന വരുമായ ഒട്ടേറെ പേർ ഈ മൽസരങ്ങളിൽ പങ്കെടുക്കാ നള്ള ക്യൂവിൽ ഇടം പിടിച്ചി ട്ടുണ്ടാവും.

അൽ ബിദ്ദ പാർക്കിലെ ഏറ്റവും വലിയ ഒഫീഷ്യൽ ഫാൻ ഫെസ്റ്റ് സെൻ്ററിന് പുറ മെ ചെറിയ അഞ്ചു ഫാൻ ഫെ സ്റ്റ് സെൻ്ററുകളും ഇവിടെയു ണ്ട്. ഖത്തർ ലോകകപ്പിൻ്റെ സൗന്ദര്യം മൊത്തമാവാഹി കോർണിഷിൽ ഒരുക്കിയ മ്യൂസിക്കൽ ജലധാരയും വർ ണ്ണാഭമായ വെടിക്കെട്ടുകളാ ലും സമ്പുഷ്ടമായ ഫാൻ ഫെസ്റ്റ്, ഇവിടെ എത്തുന്ന വിദേശികൾക്ക് വല്ലാത്ത ഹ ദൃത നൽകുന്നുവെന്ന് സ്റ്റാഫ് ഓർഗനൈസർ സാക്ഷ്യപ്പെ ടുത്തുന്നു.

എല്ലാത്തിൽ നിന്നും വ്യത്യ സ്തമായി തോന്നിയത് രാത്രി 10 മണിയുടെ മത്സരത്തിന് സുഹൃ ത്ത് അക്ബറിൻ്റെ കൂടെ പോ.യപ്പോൾ ഫ്രീ സോൺ എന്ന സ്ഥലത്തൊരുക്കിയ കിടന്ന് കളി കാണാനുള്ള സൗകര്യമാ ണ്. ഇവിടത്തെ ഫാൻ വില്ലേ ജിനോട് ചേർന്ന വിശാലമായ ഗ്രൗണ്ടിൽ വലിയ സ്ക്രീനിലെ കളി കാണുന്നതിന് നമ്മുടെ നാട്ടിലെ സോഫ പോലെയു ള്ള ഒട്ടനവധി ഇരിപ്പിടങ്ങൾ. ഇവിടെ നൂറുകണക്കിന് ആളു കൾ സോഫയിൽ കിടന്ന് കളി യാസ്വദിക്കുന്നു. എല്ലായിട ത്തും പ്രാർത്ഥനക്കും ഭക്ഷ ണത്തിനുമൊക്കെയായി വി പുലമായ സംവിധാനങ്ങളു ണ്ട്. ഇവയൊന്നും താൽക്കാ ലികമാണെന്ന് മനസ്സിലാവു കയേ ഇല്ല. വിരസമായ കളി നേരങ്ങളിൽ ഈ സോഫക ളിൽ നിന്ന് മയങ്ങുന്നവരുടെ കൂർക്കം വലി കേൾക്കാനും ചിലർ നിൽക്കുന്നുണ്ട്.

ഇങ്ങനെ ഒരു രസകരമായ ഒരു കളിയാസ്വാദന സംവി ധാനം ലോകകപ്പ് ചരിത്രത്തി ലെ ആദ്യത്തേതായിരിക്കും. അറബ് ലോകത്തിന്റെ നന്മ യുള്ളതും അതിലുപരി ആതി ഥ്യമര്യാദ പാലിക്കുന്നതുമായ ഒട്ടനവധി ഉദാഹരണങ്ങളിൽ ഒന്ന് മാത്രമാണ് ഈ ഫാൻ ഫെസ്റ്റ്.

**ബാക്കി ...**

നിന്നും സമൂഹത്തെ പിന്തിരിപ്പി ക്കുന്നതിന് ഏറെ പ്രയോജനപ്പെടും എന്നതിൽ സംശയമില്ല.

# युव पीढ़ी में नशीली चीज़ की उपयोग

क्या आज की दुनिया और पचास साल पहले की दुनिया

एक हे ? बिलकुल नहीं क्यों ? आज कल की लोग नाश में जा रही , उनकी एक एक ख़त्म नाश में हे । उनमे से एक उदाहरण हे नश की उपयोग , आज कल ज़माने में नशे की उपयोग बदजा रही हे । क्या हे ये नशा ?किस चीज़ को हम नाश कहते हे ? आज कल की यूतटों अपनी खुशी केलिए नशा की सहायता मांगती हे । नशा उपयोग करने ताकत उनको बहुत अदिक् खुशी मिलते हे ।, लेकिन नशे की बाद में होनेवाली कार्य के बारे में कोई चिंता नहीं हे । नशा अलग-अलग रूप में होते ह । निकोन गांजा , बियर रम और उनके ।। आज कल की ज़माने में छोटे बच्चे बड़े वाले तक नशे की उपोग करते । अपने आप खुदको चाल में फसाते हे । मोबाईल फोन भी एक नशा हे , फोन की अंदर जी रही हे आज कल की बच्चो ! क्या ये एक अच्छी चीज़ हे ? बिलकुल नहीं , नशा हमारी मोत को भी कारण ही सकते हे । टी वि में होने वाली अधिक वार्न में होने वाली आत्महत्य वाली कैसे नशे की वजह से हे । एक बार उपयोग करने के बाद

दूसरी बार भी उपयोग करने की इच्छा होते हे।हम मंतों सभी समय एक न एक चाल में खुद को फँकडूँगी। नशा उपयोग करने के बाद हमारी स्वभाव ; यवओ की नशा की उपयोग के वजह से , माँ - बाप को ज़्यादा संकट होगी , क्योंकि उसने अपनी बच्चो को इनमे प्यार से बड़ा करके आदिम में उनको मरने हे और शिकायन भी करने हे। नशो की बाद अपने आप बदलने हे। मन में सभी समय जगद। करने की कोशिश और मरने की कोशिश भी करते है।और खुदकी जान लेना भी कोशीश करूंगा।सभी समय गुस्सा में होगी।नशे कैसे और कहाँ से खरीदता है?आज हमारी देश में सभी जगह में नश, कई विद्या से मिलती है।मुंबाई, चेन्नाई, डेल्ही ऐसी नगर में नशा उपयोग अधीक है, हमारी कैरल की कोची में अब नशा की जगह की नाम से जानते है।अमीर बच्छो को नशा खरीदना आसान होगी, क्योकी नशा बहुत पैसे हुई चीज़ है। इससे अमीरोको खरीदना आसान है।लेकीन खरीबो को अमीर बच्छों बुरा करने है।बिसकट, ज्यूस इन चीज़ो में मिक्स करके बेजते है।लड़कीयों को है आज की युवा चाल में फसाने की खोशीश करते है।नशा उपयोग करने वालों से कैसे वापस ले आऊँगी ? पहले उन लोग को एक अच्छी


डाक्टर के  पास लेना है।और देवा समय- समय पर खाना है।उन लोगे की सात  सभी समय एक आदमी भी होना चाहीयें।परिवार से बात करके और दोस्तों के सात वक्त बिता के नशे की चाल में  बचना सकते हूँ।नशे को छोटना आसान नहीं है, लेकीन उसके चाल से आगे आना है हमारे सम्स्या  ।नशा उपयोग करना आसान है।नसेकोउ नशे से आगे बने बढ़नी सारा लोग हमारे पास है।वो भी एक दिन सये सरे समस्या एहसास करती है।उन लोगे को समजाऊंगी इसकी नहीं।नशा उपयोग करने बाह आगे बढ़ने वालों है अल्वी यानारत्च मानव, हारने की बुर नहीं चाहिए, बीनने की कोशिश चाहीए  ।जींदकी बैंक में नशे को आए तोड़कर आगे बढ़ाओं, नशे से न कहदों  ।

Fathima
10-D

GizmoGrove

# Vivra

VIVRA



**she dances alone , beneath the starry sky**
**promises faded , a hollow goodbye**
**words of eternity , hard to erase**
**haunted by reality , a bitter embrace**
**echoes of burdens untold**
**smile inside her grown cold**
**amidst brokenness and sorrows**
**words enfolds her , an ease to borrow.**

# സംസ്ഥാനത്തിന്റെ നെറുകയിൽ

## കായിക




## വൈ.ഐ .പി



# കലാകായിക



എച്ച്എസ് വിഭാഗം ഹിന്ദി കവിതാലാപനത്തിൽ എ ഗ്രേഡ് നേടിയ ഹനിയ റഷീദ് (എൻഎഎം ഹയർ സെക്കന്ററി സ്കൂൾ, പെരിങ്ങത്തൂർ)

എച്ച് എസ് വിഭാഗം ഉറുദു ഗസലിൽ എ ഗ്രേഡ് നേടിയ ലിബ ബനാൻ(എൻഎഎം ഹയർ സെക്കന്ററി സ്കൂൾ, പെരിങ്ങത്തൂർ)



# സംസ്ഥാന ലിറ്റിൽ കൈറ്റ്സ് താരം



# Thank you!